കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ

1188. [1795] ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണത്തെ തടയുന്നതിന് കടലിലേക്ക് പുലിമുട്ടുകൾ ഇടുന്നത് ഫലപ്രദമാണെന്ന് കണ്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ കടലിൽ പുലിമുട്ടുകൾ നിർമ്മിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ, ബി) കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ ഇടുന്ന രീതി ഇപ്പോൾ നിലവിലില്ല. എന്നാൽ ചില പ്രത്യേക സാഹചര്യത്തിൽ ഫിഷിംഗ് ഗ്യാപ്പുകളിലും അഴിമുഖത്തും കോസ്റ്റൽ ഇറോഷൻ വിംഗിന്റെ നിർദ്ദേശ പ്രകാരം പുലിമുട്ടുകൾ ഇടുന്നതാണ്. ഇപ്പോൾ ആധുനിക സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള കടൽ ഭിത്തികളാണ് കടലാക്രമണം തടയുവാൻ നിർമ്മിച്ചുവരുന്നത്.

വഴുതക്കാട് ഗണപതി കോവിലിനിടയ്ക്കുള്ള ഡ്രെയിനേജ് റോഡിലെ സ്ളാബുകൾ

1189. [1796] ശ്രീ. എം.കെ. കേശവൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം വഴുതക്കാട് ഗണപതി കോവിലിനടുത്തുള്ള ഡ്രെയിനേജ് റോഡിലെ ഇളകിയതും പൊട്ടിയതുമായ സ്ളാബുകൾ കാൽനടക്കാർക്ക് അപകടം സൃഷ്ടിക്കുന്നത് കണക്കിലെടുത്ത് ഈ റോഡിലെ സ്ളാബുകളുടെ അറ്റകുറ്റപണി നടത്തി സഞ്ചാരയോഗ്യമാക്കി തീർക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുന്നതാണ്.

ഗിരിവർഗ്ഗക്കാരുടെ ഭൂമി കൈമാറ്റം നിരോധിക്കുന്നതിന് നിയമം

1190. [1797] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിവർഗ്ഗക്കാരുടെ ഭൂമി കൈമാറ്റം ചെയ്യുന്നത് നിരോധിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള നിയമത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ നിയമം പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) ഈ നിയമം പ്രാവർത്തികമാക്കുന്നതിനാവശ്യമായ റൂൾസ് ഉണ്ടാക്കിയിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

ചെങ്ങന്നൂരിൽ ട്രെയിനിറങ്ങുന്നവരുടെ സൗകര്യാർത്ഥം ബസ് സർവ്വീസ്

1191. [1798] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യം ഗതാഗത വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

ചെങ്ങന്നൂരിൽനിന്നും വിവിധ സ്ഥലങ്ങളിലേക്ക് ഓപ്പറേറ്റ് ചെയ്യുന്ന മിക്ക സ്വകാര്യ ബസുകളും റെയിൽവേ സ്റ്റേഷനു തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന മുൻസിപ്പൽ ബസ് സ്റ്റാൻഡിൽ കയറാത്തതുമൂലം യാത്രക്കാർ വളരെ ബുദ്ധിമുട്ടുകയും അനുവേക്ഷിക്കുന്ന സ്ഥിതി കണക്കിലെടുത്ത് എല്ലാ പ്രൈവറ്റ് സർവ്വീസ് ബസുകളും മുൻസിപ്പൽ ബസ് സ്റ്റാൻഡുവഴി ഓടിക്കണം എന്ന നിർദ്ദേശം നൽകുമോ ?

ഉത്തരം

ചെങ്ങന്നൂരിൽ നിന്ന് വിവിധ സ്ഥലങ്ങളിലേക്ക് ഓപ്പറേറ്റു ചെയ്യുന്ന എല്ലാ പ്രൈവറ്റ് ബസ്സുകളും ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷന് സമീപമുള്ള മുൻസിപ്പൽ ബസ് സ്റ്റാൻഡിൽ പ്രവേശിച്ച് സർവ്വീസ് നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുവാനായി ചെങ്ങന്നൂർ മോട്ടോർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് വേണ്ട നിർദ്ദേശം ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയിട്ടുണ്ട്.

തിരുവനന്തപുരം വാട്ടർ വർക്സിലെ സി. എൽ. ആർ. ജീവനക്കാർ

1192. [1799] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വാട്ടർ വർക്സിൽ 1981 ജൂലായ് മാസത്തിൽ സി. എൽ. ആർ. ജീവനക്കാരായി നിയമനം ലഭിച്ചവരെ ഇതുവരെയും സ്ഥിരപ്പെടുത്താത്തതിന്റെ കാരണമെന്ത് ;

(ബി) തുച്ഛമായ ശമ്പളം വാങ്ങുന്ന ഈ ജീവനക്കാരെ റഗുലർ സർവ്വീസിലാക്കാൻ വേണ്ട നടപടികളും കൈക്കൊള്ളുമോ ?

ഉത്തരം

(എ, ബി) പ്രശ്നം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly